(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസ് വകുപ്പിന്റെ ഘടനയിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടൽ

52 [60] ശ്രീ. ഒ. രേതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടുകയില്ലെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നയം എവിടെയെങ്കിലും ലംഘിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ കാരണവും സാഹചര്യവും വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ നടത്തുന്ന തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടേണ്ടതില്ലെന്നാണ് നയം. ആക്രമാസക്തമാകുമ്പോൾ ക്രമസമാധാന പാലനത്തിനു ഇടപെടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ജീവപര്യന്തം ശിക്ഷിക്കപ്പെട്ട തടവുകാർ

53 [61] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് കഴിയുന്ന എത്ര തടവുകാരുണ്ട്;

(ബി) ശിക്ഷിക്കപ്പെട്ടവരുടെ കാലാവധി റിമാൻഡ് കാലം കൂടി ഉൾപ്പെടുത്തിയിട്ടാണോ ഇപ്പോൾ പരിഗണിയ്ക്കുന്നത്?

ഉത്തരം

(എ) 1302 പേർ.

(ബി) അതെ.

LIBRARY ARCHIVES Kerala Legislative Assembly